# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4072 — 12.12.2018 — ൽ മറുപടിക്ക്

## പൊതുവിതരണരംഗം കാര്യക്ഷമവും അഴിമതിരഹിതവുമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>,, ആന്റണി ജോൺ<br>,, എം. നൗഷാദ്<br>,, ജോർജ് എം .തോമസ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണരംഗം കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ നിലവിലെ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി,<br>1. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി.<br>2. അംഗീകൃത ഏജൻസി (സപ്ലൈകോ) മുഖേന സ്റ്റോക്ക് എഫ്.സി.ഐ യിൽ നിന്ന് വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടന്നുവരുന്നു.<br>3. ഇ-പോസ് സംവിധാനം ഏർപ്പെടുത്തി.<br>4. പരാതി പരിഹാര സംവിധാനത്തിന് ജില്ലാതലത്തിൽ ജില്ലാ പരാതി പരിഹാര ഓഫീസർമാരായി എ.ഡി.എം മാരെ നിയമിച്ചു.<br>5. സംസ്ഥാന ഭക്ഷ്യ കമ്മീഷനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ നിയമിച്ചു.<br>6. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.<br>7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013ലെ വകുപ്പ് 40 പ്രകാരം കേരള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചു.<br>8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br>9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിനെക്കുറിച്ചുള്ള തുടർച്ചയായ അവലോകനം നടത്തുന്നതിന് കേരള സർവകലാശാലയുമായി ധാരണയായി.<br>10. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ഉപഭോക്താക്കളിൽ എത്തിക്കുന്നത് വരെയുള്ള കാര്യങ്ങൾ ട്രാൻസ്പേരൻസി പോർട്ടലിലൂടെ സുതാര്യമാക്കി. |

11.മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമാണ് എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി, അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി നടന്നു കൊണ്ടിരിക്കുന്നു.

(ബി) പൊതുവിതരണ രംഗത്ത് ആധുനികവത്ക്കരണം സാധ്യമാക്കിയതുമൂലം ഈ രംഗത്തുണ്ടായ പ്രധാനപ്പെട്ട മാറ്റങ്ങൾ വ്യക്തമാക്കാമോ;

(ബി) ആധുനികവത്ക്കരണം സാധ്യമാക്കിയതുമൂലം അർഹതപ്പെട്ട വിഹിതം നിർദ്ദിഷ്ട നിരക്കിൽ ഗുണഭോക്താക്കളിൽ എത്തുന്നു എന്ന് ഉറപ്പ് വരുത്തുവാൻ കഴിയും. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആയിരിക്കും. വിഹിതം സംബന്ധിച്ച എസ്.എം.എസ്. സന്ദേശം ഉപഭോക്താക്കൾക്ക് നൽകി അവരെ ബോധവൽക്കരിക്കുകയും, ഭക്ഷ്യധാന്യം മറിച്ചു വിൽക്കുന്ന പ്രവണത തടയാനും കഴിഞ്ഞിട്ടുണ്ട്.

(സി) പൊതുവിതരണ സംവിധാനം അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന-ജില്ല-താലൂക്ക് തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം ചുമതലകളാണ് പ്രസ്തുത വിജിലൻസ് കമ്മിറ്റികളിൽ നിക്ഷിപ്തമാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി) യും (ഡി) യും ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 29(2) പ്രകാരം വിജിലൻസ് കമ്മിറ്റികളുടെ ചുമതല താഴെ പറയുന്നവയാണ്.

1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ചുള്ള എല്ലാ പദ്ധതികളുടേയും പ്രവർത്തനം വിലയിരുത്തുക
2) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന വ്യവസ്ഥകളുടെ ലംഘനമുണ്ടായാൽ വിവരം രേഖാമൂലം പരാതി പരിഹാര ഓഫീസറെ അറിയിക്കുക.
3) പൊതുവിതരണ രംഗത്തെ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം രേഖാമൂലം പരാതി പരിഹാര ഓഫീസറെ അറിയിക്കുക.
4) പൊതുവായ പരാതികളും, താഴേതട്ടിൽ പരിഹരിക്കാൻ കഴിയാത്ത പരാതികളും സംസ്ഥാന തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുക.
5) റേഷൻ കടകളുടെ സോഷ്യൽ ഓഡിറ്റിംഗ് റിപ്പോർട്ടിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുക.

*സെക്ഷൻ ഓഫീസർ*